**MOST URGENT – Time Limit**

സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ഫോൺ നം: 0471 2317983 ഫാക്സ് : 0471 2310192 ഇ-മെയിൽ : secretarytdbtvm@gmail.com

ദേവസ്വം ബോർഡ് ആഫീസ്
തിരുവനന്തപുരം

ROC No. 2573/03/Est-1 30 /11/2016

ദേവസ്വം കമ്മീഷണർ /ദേവസ്വം അക്കൗണ്ട്സ് ആഫീസർ

വിഷയം :- തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ 2013-14, 2014-15 എന്നീ വർഷങ്ങളിലെ വാർഷിക കണക്കുകൾ ഡബിൾ എൻട്രി സിസ്റ്റത്തിൽ ബഹു: കേരള ഹൈക്കോടതി നിർദ്ദേശിച്ച സമയപരിധിക്കകം തയ്യാറാക്കി സമർപ്പിക്കാത്തത്, വീഴ്ചക്കാരുടെ ശമ്പളം തടഞ്ഞ ഉത്തരവു പ്രകാരമുള്ള നടപടി വിവരം കോടതിയിൽ സമർപ്പിക്കേണ്ടത് --വിവരങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്.

സൂചന :- 1) DBAR 10/2015 നമ്പർ കേസ്സിൽ ബഹു: കേരള ഹൈക്കോടതി 03-2-2016 -ൽ പുറപ്പെടുവിച്ച വിധിന്യായം.
2) DBAR 11/2016 നമ്പർ കേസ്സിൽ ബഹു: കേരള ഹൈക്കോടതി 23-11-2016 -ൽ പുറപ്പെടുവിച്ച വിധിന്യായം (പകർപ്പ് ചേർക്കുന്നു).
3) 28-11-2016 ലെ മേൽ നമ്പർ ഉത്തരവ്
4) സ്റ്റാന്റിംഗ് കൗൺസിൽ അഡ്വക്കേറ്റ് ശ്രീമതി. ശ്രീകലയുടെ 08-11-2016 ലെ ടെലഫോൺ സന്ദേശം.

വിഷയം സംബന്ധിച്ച സൂചന 1, 2, 3 എന്നിവയിലേക്ക് ശ്രദ്ധക്ഷണിക്കുന്നു.

ഡബിൾ എൻട്രി സിസ്റ്റത്തിലെ കണക്കുകൾ യഥാസമയം സമർപ്പിക്കാത്തതിനെ തുടർന്ന് 2013-14, 2014-15 എന്നീ വർഷങ്ങളിലെ കണക്കുകൾ സമർപ്പിച്ച ശേഷമെ ഏപ്രിൽ മാസം മുതലുള്ള ശമ്പളം ക്ലെയിം ചെയ്യുവാൻ പാടുള്ളൂവെന്ന് 11-03-2016 -ൽ മേൽ നമ്പരായി ബോർഡുത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവനുസരിച്ച് ശമ്പളം തടഞ്ഞവരുടെ വിവരം 06-12-2016 ന് മുൻപ് സ്റ്റേറ്റ്മെന്റായി കോടതിയിൽ ഫയൽ ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതായി സ്റ്റാന്റിംഗ് കൗൺസിൽ അഡ്വ. ശ്രീമതി. ശ്രീകല ഇന്നേദിവസം ടെലഫോൺ മുഖാന്തിരം അറിയിച്ചിട്ടുള്ളതാണ്.

ആകയാൽ വിവിധ ആഫീസുകളിൽ നിന്നും വിശദാംശം ശേഖരിച്ച് ടി ഉത്തരവുപ്രകാരം 01-04-2016 ന് മുൻപ് ആരൊക്കെ 2013-14, 2014-15 വർഷങ്ങളിലെ കണക്കുകൾ സമർപ്പിച്ചുവെന്നും, സമർപ്പിക്കാത്തത് ആരൊക്കെ, ആരുടെയൊക്കെ ശമ്പളം ചെലവെഴുതി നൽകിയില്ല, കണക്കുകൾ സമർപ്പിക്കാതെയും ഉത്തരവ് ലംഘിച്ചും ആരുടെയൊക്കെ ശമ്പളം ചെലവെഴുതി നൽകി, ആയതിന് ഉത്തരവാദികൾ ആരെല്ലാമാണ് എന്നീ വിവരങ്ങൾ പ്രത്യേകം പ്രത്യേകം സ്റ്റേറ്റ്മെന്റ് രൂപത്തിൽ തയ്യാറാക്കി <u>03-12-2016</u> -ന് മുൻപ് സ്പെഷ്യൽ മെസഞ്ചർ മുഖാന്തിരം ഈ ആഫീസിൽ ലഭ്യമാക്കേണ്ടതാണെന്നവിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ

സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ആഫീസ് മേധാവികൾക്കും അയയ്ക്കുന്നു. - ടി ഉത്തരവിലെ last para യിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരം ഉൾപ്പെടുത്തിയ റിപ്പോർട്ട് ദേവസ്വം കമ്മീഷണർക്കും ദേവസ്വം അക്കൗണ്ട്സ് ആഫീസർക്കും അയയ്ക്കുന്നതോടൊപ്പം 03-12-2016 നകം സ്പെഷ്യൽ മെസഞ്ചർ മുഖാന്തിരം ഈ ആഫീസിലും എത്തിക്കേണ്ടതാണെന്ന വിവരം അറിയിക്കുന്നു.
2. ലാ ആഫീസർ
3. അഡ്വ. ശ്രീമതി. ശ്രീകല, സ്റ്റാന്റിംഗ് കൗൺസിൽ, തിരുവിതാംകൂർ ദേവസ്വം ബോർഡ്
4. സെക്ഷൻ ഫയൽ
5. ഫെയർ ആഫീസ് കോപ്പി